പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2225 05.12.2018-ൽ മറുപടിക്ക്

**തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രികളിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.സ്വരാജ് | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ താലൂക്ക് ആശുപത്രികളായ തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രി, പള്ളുരുത്തി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ഡോക്ടർ മാരുടെയും മറ്റ് ജീവനക്കാരുടെയും എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ; | (എ) | തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിൽ ഓഫ്ത്താൽമോളജി വിഭാഗം കൺസൾട്ടന്റിന്റെയും, ഹെഡ് നേഴ്സിന്റെയും ഓരോ ഒഴിവുകളും, പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2-ന്റെ ഒരു ഒഴിവും നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (ബി) യും (സി) യും | ഒഫ്ത്താൽമോളജി വിഭാഗം കൺസൾട്ടന്റ് തസ്തികയിലെ ഒഴിവ് സ്ഥാനക്കയറ്റം മുഖേനയും, നേഴ്സുമാരുടെ ഒഴിവുകൾ പി.എസ്.സി മുഖേനയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | എങ്കിൽ എന്നത്തേക്ക് ഈ ഒഴിവുകൾ നികത്തുമെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ